(ബി) പ്രസ്തുത വർഷം ലൈസൻസ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു;

(സി) 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബിയർ വൈൻ പാർലറുകൾ ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസുള്ളത്; 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ലൈസൻസ് ഇനത്തിൽ ലഭിച്ച ഇക എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014 മാർച്ച് 31 വരെ 740 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 107 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു.

(ബി) പ്രസ്തുത വർഷം ബാർ ലൈസൻസ്, ബിയർ/വൈൻ പാർലർ ലൈസൻസ് എന്നീ ഇനത്തിൽ 174 കോടി 48 ലക്ഷം രൂപയായിരുന്നു വരുമാനം.

(സി) 2015 ഡിസംബർ 31 വരെ 28 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 803 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു. 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ബാർ ലൈസൻസ് ഇനത്തിൽ 6 കോടി 44 ലക്ഷം രൂപയും ബിയർ/വൈൻ പാർലർ ലൈസൻസ് ഇനത്തിൽ 32 കോടി 12 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 38 കോടി 56 ലക്ഷം രൂപയാണ് ലഭിച്ചത്.

പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

130 (1871) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളത്; പുകയില കൂട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഉണ്ടോ; എന്നാണ് നിരോധനം നിലവിൽ വന്നത്;

(ബി) സിഗരറ്റ്, ബീഡി എന്നിവയുടെ ഉപഭോഗം ഇക്കൂട്ടത്തിൽ നിരോധിക്കാതിരുന്നത് എന്ത് കൊണ്ട്;

(സി) ബാറുകളുടെ നിരോധനത്തോടെ മയക്കുമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെയും പാൻമസാല കളുടെയും ഉപഭോഗം വർദ്ധിച്ചത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനും ഇവ അനധികൃത മാർഗ്ഗത്തിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നത് തടയുന്നതിനും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. പുകയില അടങ്ങിയ പാൻമസാല, ഗുഡ്ക്ക എന്നിവ നിരോധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതും 18 വയസ്സിനുതാഴെ പ്രായമുള്ളവർക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതും പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും നിരോധിച്ചിട്ടുണ്ട്. പുകയില കൂട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഇല്ല. 22-5-2012-ലാണ് നിരോധനം നിലവിൽ വന്നത്.

(ബി) പൊതുസ്ഥലങ്ങളിൽ ഇവയുടെ ഉപയോഗം നിരോധിച്ചിട്ടുണ്ട്.

(സി) ശ്രുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ 1467 എണ്ണവും കോളേജുകളിൽ 231 എണ്ണവും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതും സ്കൂളുകളിലും കോളേജുകളിലും ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ഭവിഷ്യത്തിനെക്കുറിച്ചും ആയത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിനുതകുന്ന ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ച് വരുന്നതും, കൂടാതെ വിദ്യാഭ്യാസ, പോലീസ്, എക്സൈസ് വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നതുമാണ്. സ്കൂൾ പി.റ്റി.എ., സ്റ്റുഡന്റ്സ് പോലീസ് എന്നിവയുമായി സഹകരിച്ച് ലഭിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും കേസ്സുകൾ കണ്ടെത്താൻ സഹായകരമാകുന്ന രീതിയിൽ "ശ്രുദ്ധ" എന്ന പേരിൽ പരാതിപ്പെട്ടികൾ സ്കൂളുകളിലും കോളേജുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ച് വരികയുമാണ്. വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം നിരീക്ഷിക്കുന്നതിനായി മഫ്ടിയിൽ എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതിനെതിരെ COTPA ആക്ട് പ്രകാരം കേസ്സുകൾ എടുക്കുന്നുണ്ട്. 18 വയസ്സിന് താഴെ പ്രായമുള്ളവർക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിരോധിക്കുകയും പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് നിരോധിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) രഹസ്യവിവരം ശേഖരിച്ചും ശക്തമായ ഇൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയും ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിപ്രദേശങ്ങളിൽ നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയും ചെക്ക്പോസ്റ്റുകളിൽ കർശനമായ വാഹന പരിശോധനകൾ നടത്തിയും അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരി വസ്തുക്കളുടെ അനധികൃത കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനധികൃത മദ്യവിൽപ്പന

131 (1872) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ചാരായവാറ്റ്, അനധികൃത മദ്യ വിൽപ്പന, മദ്യം കൈവശം വയ്ക്കൽ എന്നിവ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാറുകൾ അടച്ചുപൂട്ടിയതിന് ശേഷം ചാരായവാറ്റ്, അനധികൃത മദ്യവിൽപ്പന, മദ്യം കൈവശംവയ്ക്കൽ എന്നിവ സംബന്ധിച്ച് 12850 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 6006 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

132 (1873) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly